പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2617 — 18.06.2018-ൽ മറുപടിക്ക്

**കേന്ദ്ര റോഡ് ഫണ്ട്പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകൾ**

| ചോദ്യം<br>ശ്രീ.ടി.വി. ഇബ്രാഹിം | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ വർഷത്തെ കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ പട്ടിക തയ്യാറാക്കി വരുന്നു. |
| (ബി) | കേന്ദ്ര റോഡ് ഫണ്ട്പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തിരഞ്ഞെടുക്കുന്നത് 10 കി.മീ. കുറയാത്ത സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, ദേശീയപാതയെ മറ്റ് ജില്ലാ റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, അന്തർ സംസ്ഥാന പാതകൾ, വാണിജ്യ, വ്യവസായ, വിനോദ പ്രാധാന്യമുള്ള റോഡുകൾ എന്നിവയാണ്. കൂടാതെ പാലങ്ങളുടെ നിർമ്മാണവും പുനർ നിർമ്മാണവും സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്. |
| (സി) | 2017-18 വർഷം കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ റോഡ് നിർമ്മാണത്തിന് സംസ്ഥാനത്തിന് എത്ര കോടി രൂപ ലഭിച്ചുവെന്നും എത്ര ചെലവഴിച്ചുവെന്നും ആയതിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ റോഡുകൾ ഏതെല്ലാമെന്നും അറിയിക്കാമോ; | (സി) | 2017 -18 വർഷം കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ റോഡ് നിർമ്മാണത്തിന് സംസ്ഥാനത്തിന് 17 പദ്ധതികൾക്കായി 230.99 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 65.92 കോടി രൂപ സി.ആർ.എഫ് പദ്ധതികൾക്കായി 2017-18 ൽ ചിലവഴിച്ചു. 2017-18 വർഷത്തിൽ മലപ്പുറം ജില്ലയിൽ ഒരു പ്രവൃത്തിയ്ക്കും സി.ആർ.എഫ് പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടില്ല. |
| (ഡി) | ഇപ്രകാരം 2018-19 വർഷത്തെ പട്ടിക തയ്യാറായിട്ടുണ്ടെങ്കിൽ അതിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ റോഡുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ? | (ഡി) | 2018-19 വർഷത്തെ പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗതിയിലാണ്. |

S. Bindu

സെക്ഷൻ ഓഫീസർ